പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2239 **27-10-2026-ൽ മറുപടിയ്ക്ക്**

മൺട്രോതുരുത്തിൽ പോലീസ് എയ്ഡ് പോസ്റ്റ്

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	**മറുപടി നൽകിയ മന്ത്രി**
ശ്രീ. ഉല്ലാസ് കോവൂർ	ശ്രീ. രമേശ് ചെന്നിത്തല (ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

(എ) കൊല്ലം ജില്ലയിലെ പ്രശസ്തമായ ടൂറിസം കേന്ദ്രവും ഉൾനാടൻ ദ്വീപുകളിലൊന്നുമായ മൺട്രോതുരുത്തിൽ വർദ്ധിച്ചുവരുന്ന ടൂറിസ്റ്റുകളുടെയും പൊതുജനങ്ങളുടെയും സുരക്ഷ ഉറപ്പാക്കുന്നതിനായി ഒരു പോലീസ് എയ്ഡ് പോസ്റ്റ് സ്ഥാപിക്കുന്ന കാര്യം പരിശോധിക്കുമോ; വ്യക്തമാക്കാമോ;

മറുപടി: കൊല്ലം ജില്ലയിലെ മൺട്രോ തുരുത്തിൽ പുതിയ പോലീസ് എയ്ഡ് പോസ്റ്റ് സ്ഥാപിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ സംസ്ഥാന പോലീസ് മേധാവിയിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

(ബി) മൺട്രോതുരുത്തിലെ ടൂറിസം മേഖലയുടെ സുരക്ഷ മുൻനിർത്തി പുതിയ പോലീസ് എയ്ഡ് പോസ്റ്റ് അനുവദിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; എങ്കിൽ ഇതിനായുള്ള പ്രാരംഭ നടപടികൾ എപ്പോഴേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

സെക്ഷൻ ഓഫീസർ